(സി) ഇവയുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള കൃഷിയെപ്പറ്റി പരിഗണിച്ചിട്ടുണ്ടോ;

(ഡി) എന്തെല്ലാം വിധത്തിലുള്ള സീവീഡുകൾ സംസ്ഥാനത്ത് ആദായകരമായി തീരക്കടലിൽ കൃഷിചെയ്യുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല.

(ബി) ലഭ്യമാണ്.

(സി) പരിഗണിച്ചിട്ടില്ല.

(ഡി) ബ്ലൂഗ്രീൻ ആൾഗെ, റെഡ് ആൾഗെ, ബ്രൗൺ ആൾഗെ എന്നീ ഗ്രൂപ്പിൽപ്പെട്ട സീവീഡുകളാണ് സംസ്ഥാനത്ത് കൃഷി ചെയ്യുവാൻ കഴിയുന്നത്.

ഭൂഗർഭ ജലചൂഷണം

*8 [198] ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
„ കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നത് തടയാനും അപ്രകാരം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കാനും തയ്യാറാകുമോ;

(ബി) ഭൂഗർഭജലം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത് സംബന്ധിച്ച് എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്;

(സി) ഇത്തരം കേസുകളിൽ തക്ക സമയത്ത് ഇടപെടാൻ ഭൂഗർഭജല വകുപ്പിന് കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) ഭൂഗർഭജല ചൂഷണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ഇ) ജലചൂഷണം സംബന്ധിച്ച് ഏറ്റവും ഒടുവിൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഭൂഗർഭ ജലവിനിയോഗം നിയന്ത്രിക്കുന്നതിന് ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 16-12-2003 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നടപടികൾ കൈക്കൊള്ളാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂഗർഭജലം ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നത് സംബന്ധിച്ച് പ്രധാനമായും പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ കേസും തിരുവാണിയൂർ വാട്ടർ ബോട്ടിലിംഗ് പ്ലാന്റ് എന്നിവയുടെ കേസും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഭൂഗർഭ ജലവകുപ്പ് ഇത്തരം കേസുകളിൽ തക്കസമയത്ത് ഇടപെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ക്രമീകരണത്തിനും നിയന്ത്രണത്തിനുമായി "ഭൂജല ആക്ട്" 16-12-2003 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ഭൂജലത്തിന്റെ വിനിയോഗത്തിൽ ക്രമീകരണം ഏർപ്പെടുത്തുവാൻ കഴിയുന്നതാണ്. ഭൂജലത്തിന്റെ അളവ് കൂട്ടുന്നതിനായി മഴവെള്ള ശേഖര പദ്ധതി, കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി എന്നിവയും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഇ) പ്ലാച്ചിമട കൊക്കകോള കമ്പനിയുടെ ജലചൂഷണം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 19-1-2003-ലെ ഡബ്ല്യു. എ/2125/2003 നമ്പർ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തീരക്കടലിൽ മെർക്കുറിയുടെ അവശിഷ്ടങ്ങൾ തള്ളുന്നതുനിമിത്തം മൽസ്യ സമ്പത്തിന് ഉണ്ടായിട്ടുള്ള ഭീഷണി

*9 [189] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
" കെ. എ. ചന്ദ്രൻ:
" വർക്കല കഹാർ:
" ഇ. എം. അഗസ്തി:
" തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ മെർക്കുറിയുടെ അവശിഷ്ടങ്ങൾ തള്ളുന്നതു നിമിത്തം മൽസ്യസമ്പത്തിന് ഏതെങ്കിലും വിധത്തിലുള്ള അപാകത ഉണ്ടായിട്ടുണ്ടോ; ഇതു സംബന്ധിച്ച എന്തെങ്കിലും പരീക്ഷണ നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫലമെന്തെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തിന്റെ തീരക്കടലിൽ എവിടെയെല്ലാം മെർക്കുറിയുടെ അവശിഷ്ടം തള്ളുന്നു എന്നു വെളിപ്പെടുത്തുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഇല്ല. കേന്ദ്ര സമുദ്ര വികസന വകുപ്പ് പഠനം നടത്തിയിട്ടുണ്ട്.

(ബി) കോസ്റ്റൽ ഓഷ്യൻ മോണിട്ടറിംഗ് ആന്റ് പ്രഡിക്ഷൻ സിസ്റ്റം (സമുദ്ര തീര നിരീക്ഷണ നിയന്ത്രണ പ്രവചന സംവിധാനം) എന്ന പദ്ധതി പ്രകാരം കേരളത്തിന്റെ തീരക്കടലിൽ കേന്ദ്ര സമുദ്ര വികസന വകുപ്പ് കഴിഞ്ഞ കുറേ വർഷങ്ങളായി സമുദ്ര ജല നിലവാര ഗുണ നിർണയം നടത്തിവരുന്നു. ഈ പഠനപ്രകാരം കേരള തീരത്ത്

LIBRARY ARCHIVES Kerala Legislative Assembly